**26.11.23 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 31–12–96**

# പുതിയ വർഷത്തിൽ അനുഭവീമൂർത്തിയായി എല്ലാവരെയും അനുഭവിയാക്കൂ

## (ശാന്തിവൻ ഡയമണ്ട് ജൂബിലി ഹാളിന്റെ ഉദ്ഘാടന അവസരത്തിൽ)

ഇന്ന് ദൃഷ്ടിയിലൂടെ സംതൃപ്തനാക്കുന്ന ബാപ്ദാദ താങ്കളെല്ലാ അതിസ്നേഹി, സഹയോഗി, സ്നേഹത്തിൽ ലൗലീനമായ കുട്ടികളെ കാണുകയാണ്. ഓരോരോ കുട്ടികളുടെയും മസ്തകത്തിൽ, ഹൃദയത്തിൽ സ്നേഹത്തിന്റെ തെളിവ് കാണപ്പെടുകയാണ്. (ഹാളിൽ പിറകിലിരിക്കുന്ന സഹോദരീസഹോദരന്മാരോട്) താങ്കൾ ചിന്തിക്കുന്നുണ്ടാകും ഞങ്ങൾ പിറകിലുള്ളവർ കാണപ്പെടുന്നില്ലെന്ന്, എന്നാൽ ബാപ്ദാദയുടെ നയനങ്ങളിൽ ഇങ്ങനെയുള്ള വിചിത്രമായ ടി.വിയുണ്ട്, അതിലൂടെ ദൂരെയുള്ള സാധനങ്ങൾ വരെ സ്പഷ്ടമായി മുന്നിൽ കാണപ്പെടുന്നു. എവിടെ ഏതു കോണിലിരിക്കുകയാണെങ്കിലും പക്ഷേ ബാബയ്ക്കു മുന്നിലാണ്. ഇപ്പോൾ പിന്നെയും വിശ്രമത്തോടെ ഇരിക്കുകയല്ലേ.(കയ്യടികൾ ഉണ്ടായി) ഇന്ന് വളരെ ഉണർവുത്സാഹവും സന്തോഷവുമില്ലേ, അതാണ് കയ്യടികളിലൂടെ കാണുന്നത്. എന്നാൽ ബാപ്ദാദ താങ്കളുടെ ഹൃദയത്തിന്റെ സന്തോഷം അറിയുന്നു. ബാപ്ദാദ കാണുകയാണ് ഓരോരോ കുട്ടിക്കും സഹയോഗത്തിന്റെ തെളിവ് നൽകുന്നതിൽ വളരെ സന്തോഷമുണ്ടാകുന്നു. അതിനാൽ ആയിരം കൈകൾ കാണിച്ചിരിക്കുന്നു. അപ്പോൾ കൈകൾ സഹയോഗത്തിന്റെ അടയാളമാണ്. ബാപ്ദാദയ്ക്ക്റിയാം ഓരോരോ കുട്ടികളും ദേശത്താകട്ടെ, വിദേശത്താകട്ടെ എല്ലാവരും ധനം കൊണ്ടാകട്ടെ, മനസു കൊണ്ടാകട്ടെ, ശരീരം കൊണ്ടാകട്ടെ സഹയോഗം അവശ്യം നൽകിയിരിക്കുന്നു. ഇന്ന് താങ്കളെല്ലാവരുടെയും സഹയോഗത്തിന്റെ തെളിവ് താങ്കൾ വിശ്രമത്തോടെയിരുന്ന് കാണുകയും ചെയ്യുന്നു, കേൾക്കുകയും ചെയ്യുന്നു. ഇനി കൂടുതൽ കയ്യടിക്കേണ്ട. താങ്കളുടെ സന്തോഷത്തിന്റെ മനസിന്റെ കൈയടികൾ ബാപ്ദാദയുടെ അടുക്കൽ എത്തിച്ചേർന്നിരിക്കുന്നു.

നോക്കൂ ഇന്ന് രണ്ടു വിശേഷതകളുണ്ട്. ഒന്ന് ഈ ശാന്തിവൻ എല്ലാവരും ഉണർവുത്സാഹത്തോടെ ഉണ്ടാക്കിയിരിക്കുന്നു, അതിനെ ബാപ്ദാദയ്ക്കൊപ്പം താങ്കൾ കുട്ടികളും ഉദ്ഘാടനം ചെയ്യുന്നു, പിന്നെ ഇന്ന് ഡ്രാമയനുസരിച്ച് പുതിയ വർഷവും ആരംഭിക്കാൻ പോകുകയാണ്. അതിനാൽ ബാപ്ദാദ എല്ലാ കുട്ടികളെയും തന്റെ രണ്ടു കയ്യിലും ചേർത്ത് രണ്ടു കാര്യങ്ങളുടെയും ആശംസയേകുകയാണ്. ഇപ്പോൾ ഈ സമയം സാകാരരൂപത്തിൽ ബാബയോടൊപ്പം ഉണർവുത്സാഹത്തിലും സന്തോഷത്തിലും തുള്ളിച്ചാടുന്നു, ഇങ്ങനെത്തന്നെ പുതിയ വർഷത്തിൽ സദാ അവ്യക്ത രൂപത്തിൽ സാഥി(കൂടെയെന്നു) മനസിലാക്കുക, അനുഭവം ചെയ്യുക– ഈ കൂടെയുള്ള അനുഭവം വളരെ പ്രിയങ്കരമാണ്. ബാപ്ദാദയ്ക്കും കുട്ടികളെക്കൂടാതെ നല്ലതായി തോന്നുന്നില്ല. (മൈക്ക് നിന്നു പോയി) ആദ്യമാദ്യം അനുഭവമില്ലേ അതിനാൽ ഇതും ഡ്രാമയിൽ കളിയെന്നു മനസിലാക്കുക, ഒരു കാര്യവും മേലുകീഴായി കരുതരുത്. നല്ലതാണ്, നല്ലതു തന്നെയായിരിക്കും. വളരെ നല്ലത്, വളരെ നല്ലത് എന്നു പറഞ്ഞ് താങ്കളും നല്ലതായി മാറും. ഡ്രാമയുടെ ഓരോ ദൃശ്യങ്ങളും നല്ലതായി മാറും, എന്തെന്നാൽ താങ്കളുടെ നല്ലതാകുന്നതിന്റെ വൈബ്രേഷൻ എങ്ങനെയുള്ള ദൃശ്യമാകട്ടെ നെഗറ്റീവിനെ പോസിറ്റീവാക്കി മാറ്റും. ഇത്രയും ശക്തി താങ്കൾ കുട്ടികളിലുണ്ട്, കേവലം ഉപയോഗിക്കൂ. ശക്തികൾ വളരെയുണ്ട്, സമയത്ത് ഉപയോഗിച്ചുനോക്കൂ എങ്കിൽ വളരെ നല്ല നല്ല അനുഭവം ചെയ്യും.

ഈ പുതിയ ഹാളും പുതിയ വർഷവും ഇതിൽ എന്തു ചെയ്യും? പുതിയ വർഷത്തിൽ എന്തെങ്കിലും നവീനത നടത്തുമല്ലോ. അപ്പോൾ ഈ വർഷം അനുഭവീമൂർത്തിയായി മറ്റുള്ളവർക്കും അനുഭവം ചെയ്യിക്കാനുള്ള വർഷമാണ്. മനസിലായോ എന്തു ചെയ്യണം? അനുഭവം ചെയ്യണം. വാക്കിലൂടെ വർണിക്കുന്നുണ്ട് പക്ഷേ ഓരോ കുട്ടിക്കും ഓരോ ശക്തിയുടെയും ഓരോ ഗുണത്തിന്റെയും അനുഭവം ചെയ്യണം. അനുഭവീമൂർത്തിയല്ലേ! അനുഭവീമൂർത്തിയാണോ അതോ വാണീമൂർത്തിയാണോ? അനുഭവിയാണ് എങ്കിലും ഈ വർഷത്തിൽ ഒരു കുട്ടിയും ഇങ്ങനെ പറയരുത് എനിക്ക് ഈ കാര്യങ്ങളുടെ അനുഭവമുണ്ട്, എന്നാൽ ഈ കാര്യത്തിന്റെ അനുഭവം വളരെ കുറവാണ്. ഇങ്ങനെ ഒരു കുട്ടിയുമുണ്ടാകരുത് എന്തെന്നാൽ ജ്ഞാനത്തിന്റെ അർഥം വെറും മനസിലാക്കലല്ല, എന്നാൽ അനുഭവിക്കുക. ഏതു വരെയും അനുഭവം ചെയ്യുന്നില്ലയോ എങ്കിൽ മറ്റുള്ളവരെയും അനുഭവിയാക്കുവാൻ കഴിയുകയില്ല. വാക്കു വരെയും ഉണ്ട്, അനുഭവം വരെയും ഇല്ല എങ്കിൽ ഏത് ആത്മാക്കളുടെ സേവനത്തിനു നിമിത്തമാകുന്നുവോ അവരും വാക്കിലൂടെ വളരെ നല്ലത്, വളരെ നല്ലത്, അത്ഭുതമാണ്– ഇതു വരെ വരുന്നു. അനുഭവിയാകുക– ഇതു കോടിയിലും ചിലർ, ചിലരിലും ചിലരാണ്. പ്രത്യക്ഷതയുടെ ആധാരം അനുഭവമാണ്. അനുഭവമുള്ള ആത്മാക്കൾ ഒരിക്കലും അന്തരീക്ഷത്തിന്റെയോ കൂട്ടുകെട്ടിന്റെയോ നിറത്തിലേക്കു വരികയില്ല. കേവലം

വാക്കിന്റെ പ്രഭാവത്തിലുള്ളവർ ഇടയ്ക്ക് നൃത്തം ചെയ്യും, ഇടയ്ക്ക് ചിന്തയിൽ വീഴും, അനുഭവം അർഥം പക്കാ അടിത്തറ. പകുതി അനുഭവമെങ്കിൽ പകുതി അടിത്തറ പക്കയാണ്. അതിന്റെ ലക്ഷണമാണ്, അവർ ചെറുതും വലുതുമായ കാര്യങ്ങളിൽ ഇളകും, അചഞ്ചലമാകുകയില്ല എന്തെന്നാൽ വരാനിരിക്കുന്ന കാര്യങ്ങൾ അഥവാ സമസ്യകൾ പ്രബലമാകുന്നു. അതിനാൽ പകുതി അടിത്തറയുള്ളവർ ആടിയുലയുന്നു, വീഴുന്നില്ല എന്നാൽ ആടിയുലയുന്നു. അപ്പോൾ ആദ്യം ഈ വർഷത്തിൽ തന്റെ അനുഭവീമൂർത്തിയുടെ അടിത്തറയെ പക്കയാക്കൂ. പല കുട്ടികളും ഇന്ന് വളരെ വേഗത്തിൽ പോകുന്നു, നാളെ അൽപം മുഖം മാറുന്നു, കാരണം? അനുഭവത്തിന്റെ അടിത്തറ ഉറച്ചതല്ല. അനുഭവമുള്ള ആത്മാക്കൾ എത്ര തന്നെ വലിയ സമസ്യയും ഒന്നും തന്നെ സംഭവിച്ചിട്ടില്ലാത്ത പോലെ ഇങ്ങനെ പരിഹരിക്കുന്നു. വന്നു തന്റെ പാർട്ടഭിനയിച്ചു, എന്നാൽ സാക്ഷിയായി, വേറിട്ട സ്നേഹിയായി കളി പോലെ കാണും. പ്രശ്നമല്ല കളി, മനോരസം, മനോരസം നല്ലതല്ലേ? അപ്പോൾ എന്തു തന്നെ കാര്യമാണെങ്കിലും താങ്കൾക്ക് വലിയ കാര്യമായി തോന്നുന്നത് അടിത്തറ അൽപമെങ്കിലും ദുർബലമാകുന്നതുകൊണ്ടാണ്. 75 ശതമാനം പക്കയാണെങ്കിലും, 90 ശതമാനം പക്കയാണെങ്കിലും ഇളകുവാനുള്ള സാധ്യത സംഭവ്യമാണ്. ബാപ്ദാദയ്ക്ക് കുട്ടികളുടെ പരിശ്രമം അഥവാ യുദ്ധം ചെയ്യൽ നല്ലതായി തോന്നുന്നില്ല. പരിശ്രമമെന്തിന്? യുദ്ധമെന്തിന്? എന്താ യോഗിക്കു പകരം യോദ്ധാവാകുന്നവരാണോ അതോ യോഗി ആത്മാക്കളാണോ? യുദ്ധം ചെയ്യുന്ന സംസ്കാരം ചന്ദ്രവംശത്തിലേക്കു കൊണ്ടുപോകും, യോഗിതൂ ആത്മാവിന്റെ സംസ്കാരം സൂര്യവംശത്തിലേക്കു കൊണ്ടുപോകും. അപ്പോൾ എന്താകണം, സൂര്യവംശിയോ ചന്ദ്രവംശിയോ ആകേണ്ടത്? സൂര്യവംശിയാകണമെങ്കിൽ യുദ്ധം അവസാനിക്കണം. ഈ വർഷത്തിൽ യുദ്ധം അവസാനിച്ചോ? ഇതിൽ അതെ എന്നു പറയുന്നില്ല. പറയാൻ വേണ്ടി പറയുകയാണോ? ബാപ്ദാദ കാണാതെ തന്നെ കുട്ടികളുടെ റിസൽറ്റ് കാണുന്നു, എല്ലാ സമയത്തെയും റിസൽറ്റ് കൺമുന്നിലില്ല, എന്നാൽ ഹൃദയത്തിൽ വരിക തന്നെ ചെയ്യുന്നു. ഇവിടെ സാകാര വതനത്തിൽ താങ്കൾ അൽപാൽപം അല്ലെങ്കിൽ വളരെ ഇളകുന്നുവെങ്കിൽ ബാബയ്ക്ക് ഇവിടെ വതനത്തിൽ അനുഭവമാകുന്നു, ആരോ ഇളകുന്നു. അതിനാൽ ശാന്തിവന്റെ സന്തോഷം പോലെ, ഹാളിന്റെ സന്തോഷം പോലെ ഇങ്ങനെ ബാപ്ദാദയുടെയും ഇത്രയും വലിയ സംഘടനയുടെയും നടുവിൽ ഈ പ്രതിജ്ഞ ചെയ്യൂ- ഈ വർഷത്തിൽ ഇളക്കങ്ങളിൽ നിന്നുപരിയായി അചഞ്ചലവും ദൃഢവുമാകുക തന്നെ വേണം, ആകും എന്നല്ല ആകുക തന്നെ വേണം. ഇങ്ങനെയാണോ? ഇങ്ങനെ ആരാണോ ചിന്തിക്കുന്നത് ആകുക തന്നെ വേണം, ആലോചിക്കാം, ചെയ്യാം, നോക്കാം, ഇതല്ല, അവർ കൈ ഉയർത്തൂ. ശരി, ആശംസകൾ. ആര് എന്തു തന്നെ കാരണത്താൽ ഉയർത്താതിരുന്നുവോ, ഇങ്ങനെ സാധ്യമല്ല- ആകുകയില്ല, എന്നാൽ എന്തെങ്കിലും കാരണത്താൽ ഉയർത്താതിരുന്നവർ അവർ ഉയർത്തൂ. ഉയർത്താൻ ലജ്ജ വരുന്നുവോ, അപ്പോൾ ചിന്തിക്കൂ കൈ ഉയർത്താൻ ലജ്ജ വരുന്നുവെങ്കിൽ ചെയ്യുന്ന സമയത്തും ലജ്ജിക്കുക. ചിന്തിക്കുക- ഇതു ലജ്ജിക്കേണ്ട കാര്യമാണ്, അപ്പോൾ നടക്കുകയില്ല. പക്കയായി മാറും, എന്തെന്നാൽ പല കുട്ടികളും വീണ്ടും വീണ്ടും ചോദിക്കുന്നു- നിമിത്തമായ കുട്ടികളോടാകട്ടെ, ആത്മീയസംഭാഷണത്തിൽ ബാപ്ദാദയോടാകട്ടെ ഒരേ ചോദ്യം ചോദിക്കുന്നു -ബാബാ വിനാശത്തിന്റെ തിയ്യതി പറഞ്ഞുതരൂ. എല്ലാവരുടെയും ചോദ്യമിതല്ലേ. ശരി ബാപ്ദാദ തിയ്യതി പറയുകയാണെങ്കിൽ, 2000 ത്തിൽ പൂർത്തിയാകുകയാണെങ്കിൽ എന്തു ചെയ്യും? ഞാൻ തിയ്യതി നൽകുകയല്ല, തെറ്റുദ്ധരിക്കരുത്. ഉദാഹരണത്തിനായി ബാപ്ദാദ പറയുന്നു, 2000 ത്തിൽ പൂർത്തിയാകുകയാണെങ്കിൽ താങ്കൾ എന്തു ചെയ്യും? അലസരാകുമോ അതോ തീവ്ര പുരുഷാർത്ഥിയാകുമോ? തീവ്ര പുരുഷാർത്ഥിയാകുമോ? ബാപ്ദാദ പറയുകയാണ്, ഈ വർഷത്തിൽ തന്നെ ചഞ്ചലത ഉണ്ടാകുന്നു എങ്കിൽ എന്തു ചെയ്യും? അപ്പോൾ തീവ്ര പുരുഷാർത്ഥം ചെയ്യുമോ? കുറച്ച്-കുറച്ച് തിയ്യതിയുടെ ബോധമുണ്ടാകുമോ? എണ്ണിക്കൊണ്ടിരിക്കുമോ, ഇത്ര സമയം പൂർത്തിയായി, ഒരു മാസം പൂർത്തിയായി, ഒരു വർഷം പൂർത്തിയായി, ബാക്കി ഇത്ര മാസമുണ്ട്... അപ്പോൾ തിയ്യതിയുടെ ബോധമുണ്ടാകുമോ അതോ ആതമ ബോധത്തിലായിരിക്കുമോ.. എന്തു ചെയ്യും? അലസരാകില്ലല്ലോ. അതോ ഇനിയും നാലു വർഷമുണ്ടല്ലോ എന്ന് ചിന്തിക്കുമോ... അവസാനത്തെ വർഷത്തിൽ ചെയ്തോളാം എന്ന് പറഞ്ഞ് അലസരായിരിക്കില്ലല്ലോ.. അതോ കുറച്ച്-കുറച്ച് അലസത കാണിക്കുമോ? താങ്കൾ ആയിത്തീർന്നില്ലെങ്കിലും മായ കേൾക്കുന്നുണ്ട്. താങ്കൾക്ക് അലസതയും ആലസ്യവും വരുന്ന വിധത്തിലുള്ള കാര്യങ്ങൾ മായ മുന്നിലേക്ക് കൊണ്ടു വരും. അപ്പോൾ താങ്കൾ എന്തു ചെയ്യും? അതുകൊണ്ടാണ് ബാപ്ദാദ ആദ്യമേ തന്നെ കേൾപ്പിച്ചത്, തിയ്യതിയുടെ ബോധത്തിലിരിക്കരുതെന്ന്. എന്നാൽ ഓരോ നിമിഷവും അന്തിമ നിമിഷമാണെന്ന് മനസ്സിലാക്കൂ. ഇനി 2000 ത്തിനു ശേഷമാണ് ഉണ്ടാകുന്നതെങ്കിലും, യഥാർത്ഥമല്ല, താങ്കൾ അംഗീകരിച്ചു 2000 ത്തിൽ സമ്പൂർണ്ണമായെങ്കിലും, മറ്റുള്ളവരെ എപ്പോൾ മാറ്റും? സത്യയുഗത്തിലാണ് ആക്കുന്നത്? ആക്കിത്തീർക്കുന്നവർ ധാരാളമുണ്ട്. ആകുന്നവർ കുറച്ചേയുള്ളൂ. അവർക്കും സമയം ആവശ്യമല്ലേ. ഇതിനു മുമ്പുള്ള സീസണിലും ചോദിച്ചിരുന്നു, കുറഞ്ഞത് സത്യയുഗത്തിലേക്കുള്ള 9 ലക്ഷം തയ്യാറായോ? ആയില്ലെങ്കിൽ എങ്ങനെ വിനാശം സംഭവിക്കാനാണ്?

നിങ്ങൾ ആരുടെ മേൽ രാജ്യം ഭരിക്കും? പഴയ ആത്മാക്കൾക്കു മേൽ രാജ്യം ഭരിക്കുമോ? പുതിയ ആത്മാക്കൾ തയ്യാറാകാതെ വിനാശം സംഭവിച്ചു എങ്കിൽ എന്തു ചെയ്യും? അതിനാൽ ബാപ്ദാദ ഈ കാര്യം തന്റെ മക്കളാകുന്ന ജ്യോത്സ്യർക്ക് ഏൽപ്പിച്ചു. ജ്യോത്സ്യരായ കുട്ടികൾക്ക് ചെയ്യാൻ സാധിക്കുന്നത്, ബാബയ്ക്ക് എന്തിന് ചെയ്യണം. എന്നാലും ബാബയുടെ മക്കളല്ലേ അവർ സമ്പാദിച്ചോട്ടെ. അവരുടെ സമ്പാദ്യത്തിന്റെ സാധവും ഇതു തന്നെയാണ്. അഥവാ ആർക്കെങ്കിലും അത്ര പെട്ടെന്ന് അറിയണമെങ്കിൽ അവരോട് ചോദിക്കൂ. ബാബ പറയുകയില്ല.

ഈ വർഷം എന്തു ചെയ്യണമെന്ന് മനസ്സിലായോ? അനുഭവീ മൂർത്തി. പല കുട്ടികളും വളരെ മധുരമായി ആത്മീയ സംഭാഷണം ചെയ്യാറുണ്ട് – പറയുന്നു, ബാബാ എന്താണ് ചെയ്യുക ബാബാ, ഞാൻ ഇത്രയും ചെയ്തില്ലേ, ഇനി ബാക്കി ബാബ ചെയ്യൂ. ഞങ്ങൾ രാജ്യം ഭരിക്കാം എന്നാൽ താങ്കൾ ഞങ്ങളെ സമ്പൂർണ്ണമാക്കി മാറ്റൂ. അങ്ങനെ സംഭവിക്കുമോ? ബാബ തീർച്ചയായും സഹയോഗിയാണ്, അന്തിമം വരെയ്ക്കും സഹയോഗിയാണെന്നുള്ളത് ഗ്യാരന്റിയാണ്, എന്നാൽ എങ്ങനെയുള്ളവർക്കാണ് സഹയോഗി? ആരാണോ ആദ്യം ധൈര്യത്തിന്റെ ചുവട് വെക്കുന്നത്, അവർക്ക് ബാബ സഹായത്തിന്റെ രണ്ടാമത്തെ ചുവട് ഉയർത്തുന്നതിൽ സമ്പൂർണ്ണ സഹയോഗിയായിത്തീരും. ധൈര്യത്തിന്റെ ചുവട് വെക്കാതെ കേവലം ബാബാ സഹായിക്കൂ എന്നു പറഞ്ഞാൽ, നിങ്ങൾ ആദ്യം ധൈര്യത്തിന്റെ ചുവട് വെക്കൂ എന്ന് ബാപ്ദാദയും പറയും. ഒരു ചുവടു പോലും വെക്കാതെ എങ്ങനെ സാധ്യമാകും. അതിനാൽ ഈ വർഷം ഈയൊരു കാര്യം പരിശോധിക്കൂ, ധൈര്യത്തിന്റെ ചുവട് ഉറച്ചതാണോ? ബാബയോട് സഹായത്തിനായി പറയുന്നതിനു മുമ്പ് പരിശോധിക്കൂ. ധൈര്യത്തിന്റ ചുവട് വെച്ച് സഹായം ലഭിക്കാതിരിക്കുക എന്നത് അസംഭവ്യമാണ്. കേവലം ധൈര്യത്തിന്റ കുറച്ചെങ്കിലും ചുവട് വെക്കണം. അതിനാലാണ് പറയുന്നത്, ധൈര്യശാലി കുട്ടികൾക്ക് ബാബയുടെ സഹായം ലഭിക്കമെന്ന്. ഇതിനെ തലകീഴാക്കരുത്. ബാബ സഹായിച്ചാൽ കുട്ടികളുടെ ധൈര്യത്തിന്റെ ചുവട് എന്നല്ല. ബാബ പുഞ്ചിരിച്ചു കൊണ്ടിരിക്കുന്നുണ്ട്, ആഹാ എന്റെ ധൈര്യശാലി കുട്ടികളേ ആഹാ... നിശ്ചയത്തോടെ ധൈര്യത്തിന്റെ കാൽ ലേശമെങ്കിലും മുന്നോട്ട് വെക്കുകയാണെങ്കിൽ കോടിമടങ്ങ് സഹയോഗം നൽകുന്നതിനായി ഓരോ കുട്ടികൾക്കും ബാബ സദാ തയ്യാറാണ്.

ശരി, പുതിയ വർഷത്തിൽ ഇനി എന്തു ചെയ്യും? ഇപ്പോഴും സേവനത്തിന്റെ ഒരു കാര്യം അവശേഷിച്ചിട്ടുണ്ട്, അതെന്താണ്? ഗീതയുടെ ഭഗവാന്റെ സേവനം നടന്നോളും, എന്നാൽ ബാപ്ദാദ ഇതിനു മുമ്പുള്ള സീസണിൽ ഓരോ സോണിനോടും പറഞ്ഞിരുന്നു, ഒരുപാടു പേർ സ്നേഹികളും സഹയോഗികളും സമ്പർക്കത്തിലുള്ളവരുമായിത്തീർന്നു, ഇനിയും ആയിത്തീരുകയും ചെയ്യും, ഇനി അവകാശികളെ തയ്യാറാക്കണം. അവകാശി കുട്ടികൾ വളരെ കുറവാണ് ഉണ്ടാകുന്നത്. എന്തുകൊണ്ടെന്നാൽ ബാപ്ദാദ ഓരോ സേവാകേന്ദ്രത്തിലെയും റിസൾട്ട് ദിവസേന നോക്കുന്നുണ്ട്. നാനാവശത്തുമുള്ള റിസൾട്ടിൽ അവകാശികൾ കുറവാണ്. സ്നേഹികളും സഹയോഗികളുമുണ്ട്, എന്നാൽ അവരെ ഇനിയും മുന്നോട്ടുയർത്തൂ. അഥവാ ആരെങ്കിലും പുതിയവരെ അവസാനം വന്നവരെ വേഗത്തിൽ മുന്നോട്ട് കൊണ്ടു പോയി അവരെ അവകാശികളാക്കി ബാബയ്ക്കു മുന്നിലെത്തിക്കൂ. ചിലരുണ്ടെങ്കിലും വളരെ കുറച്ച് എണ്ണാൻ മാത്രം. 2000 ത്തിനുള്ളിൽ പരിവർത്തനം സംഭവിക്കണമെന്നല്ലേ ആഗ്രഹിക്കുന്നത്, എല്ലാവരും ഇത് ആഗ്രഹിക്കുന്നുണ്ടെങ്കിലും എത്ര അവകാശികളെ തയ്യാറാക്കിയിട്ടുണ്ട്. സത്യയുഗത്തിലെ പ്രജകളും റോയലായിരിക്കണം. എന്നാൽ അത് കുറവാണ്. പ്രജകൾ തയ്യാറാകുന്നുണ്ട്, ഈ അനേക പ്രകാരത്തിലുള്ള സമ്മേളനങ്ങൾ തയ്യാറാക്കുന്നുണ്ടല്ലോ, പുറമേ ധാരാളം പ്രോഗ്രാമുകൾ വെക്കുന്നുണ്ടല്ലോ, ഈ വർഷത്തിൽ അങ്ങനെ പ്രഭാവിതരായവരെല്ലാവരും പ്രജയിലേക്ക് വരുന്നു. ഈ റിസൾട്ട് വളരെ നല്ലതാണ്. എന്നാൽ ബാപ്ദാദ എന്താണ് ആഗ്രഹിക്കുന്നത്? ഇപ്പോൾ അവകാശികളായ കുട്ടികളെ തയ്യാറാക്കണം. ഇവിടെ അവകാശികളെ തയ്യാറാക്കിയാൽ മാത്രമാണ് അഡ്വാൻസ് പാർട്ടിയിലുള്ളവർ പ്രത്യക്ഷമാകൂ. എന്നാൽ മാത്രമേ ബാബയുടെ പേരിന്റെ പ്രത്യക്ഷതയുടെ പെരുമ്പറ നാനാവശത്തും മുഴങ്ങൂ. ഇപ്പോൾ വരെയുള്ള റിസൾട്ടിൽ എല്ലാവരും പറയുന്നത്, ഇവരും നല്ല കാര്യങ്ങൾ ചെയ്യുന്നു എന്നു മാത്രമാണ്. ചിലർ പറയുന്നുണ്ട്, ഇവർക്ക് മാത്രമേ ചെയ്യാൻ സാധിക്കൂ എന്ന്, എന്നാൽ പരമാത്മാവിലേക്ക് ശ്രദ്ധ പോകണം. പരമാത്മാവിന്റെ കാര്യമാണ് ഇത് എന്നു പറയണം. എന്നാൽ ഇത് ഇപ്പോഴും ഗുപ്തമാണ്. കുട്ടികൾ തന്റെ ശക്തിയിലൂടെ സ്നേഹത്തിലൂടെ ബാബയെ പ്രത്യക്ഷപ്പെടുത്തുന്ന നല്ല പുരുഷാർത്ഥമാണ് ചെയ്യുന്നത്. എന്നാൽ സ്നേഹി സഹയോഗികളായാൽ മാത്രം ബാബയുടെ പ്രത്യക്ഷത മൈതാനത്തിലേക്ക് വരില്ല. ഇതു വരെ ആയിത്തീർന്നത് വളരെ നല്ലത്. എന്നാൽ എല്ലാവരുടെ വായിൽ നിന്നും ഈ വാക്കുകൾ വീഴണം, ഇപ്പോൾ സമയം വന്നു കഴിഞ്ഞു, ബാബയും വന്നു കഴിഞ്ഞു, അപ്പോൾ വിനാശവും സമീപത്തെത്തും. അപ്പോൾ വിനാശം എപ്പോൾ വരുമെന്ന് ബാബയോട് ചോദിക്കരുത്. ബാബ താങ്കളോട് ചോദിക്കുന്നു, എപ്പോൾ തയ്യാറാകുമെന്ന്? കർട്ടൺ തുറക്കട്ടെ, തയ്യാറാണോ? അതോ കർട്ടൺ തുറന്നു കൊണ്ടിരിക്കുമ്പോഴും താങ്കൾ തയ്യാറായിക്കൊണ്ടിരിക്കുമോ? ഏറ്റവും കുറഞ്ഞത്, 16108 പക്കാ രത്നങ്ങളെ

പ്രത്യക്ഷപ്പെടുത്തൂ. മാല തയ്യാറാക്കൂ. ബാബയും നോക്കട്ടെ തയ്യാറായോ എന്ന്. ഇത്രയും പരിധി നൽകിയിട്ടുണ്ട്, കൂടുതലൊന്നും പറയുന്നില്ല. 9 ലക്ഷമെന്ന് പറയുന്നില്ല, 16108 ന്റെ മാല തയ്യാറാക്കൂ. അപ്പോൾ ഈ വർഷം തയ്യാറാക്കണം. ബാബ നോക്കുന്നുണ്ട് 16108 ന്റെ ഇളകാത്ത മാലയാണോ തയ്യാറാക്കുന്നത് അതോ ഇടയ്ക്കിടെ ഇളകിക്കൊണ്ടിരിക്കുന്ന മുത്തുകളെയാണോ. കുറച്ചൊക്കെ കളി കാണിക്കട്ടെ? പാണ്ഡവരെന്താണ് മനസ്സിലാക്കുന്നത്? തയ്യാറാണോ എന്ന് പറയൂ? ദാദിമാർ ശരി എന്ന് പറയുന്നുണ്ട്. എല്ലാ ശക്തികളും ശരി എന്നു പറയുന്നുണ്ട്. 16108 തയ്യാറാക്കുമല്ലോ. ശരി ജനുവരി 18 ന് മാല തയ്യാറാക്കി കാണിക്കൂ. കൈകൾ ഉയർത്തുവാൻ പറഞ്ഞാൽ പകുതിയോളം സഭ ഞങ്ങൾ 16000 മുത്തിൽ വരുമെന്ന് പറയും. ആരെല്ലാമാണോ ഞാൻ 16000 മുത്തുകളിൽ വരുമെന്ന് പറയുന്നത്, അവർ തന്റെ കത്ത് എഴുതി ദാദിമാർക്ക് കൊടുക്കണം, ഞാൻ 16000 ത്തിൽ വരുമോ അതോ 108 ൽ വരുമോ എന്ന്. പിന്നീട് അത് ദാദിമാർ പാസ്സാക്കിക്കോളും. അല്ലാതെ ഞാൻ ദാദിക്ക് കത്ത് കൊടുത്തിട്ടുണ്ടല്ലോ എന്ന് ചിന്തിക്കരുത്, ആദ്യം ഇവർ പാസ്സാക്കട്ടെ എന്നിട്ട് ബാപ്ദാദ പാസ്സാക്കാം. പിന്നീട് ഫൈനൽ റിസൾട്ട് പറയാം. ശരി.

നാനാവശത്തും സർവ്വ ഉണർവ്വ് ഉത്സാഹത്തോടെ മുന്നേറുന്ന സദാ എക്കോണമിയുടെ അവതാരമായ, സമയം, സങ്കല്പം, വാക്ക്, കർമ്മത്തെ സ്വരൂപിച്ച് സമ്പാദ്യത്തിന്റെ ശേഖരണത്തെ വർദ്ധിപ്പിക്കുന്ന, സാകാരത്തിലും ആകാരത്തിലും പുതു വർഷമാഘോഷിക്കുന്ന, സിക്കീലധേ കുട്ടികൾക്ക് ബാപ്ദാദ കാണുന്നുണ്ട്, നാനാവശത്തെ കുട്ടികളും, അത് സാകാര രൂപത്തിലില്ലെങ്കിലും ആകാര രൂപത്തിൽ മധുബനിൽ തന്നെയാണ്. ആകാര രൂപത്തിൽ മിലനം ആഘോഷിച്ചു കൊണ്ടിരിക്കുന്നുണ്ട്. അപ്പോൾ എല്ലാവർക്കും ബാപ്ദാദ പുതു വർഷത്തിന്റെ ശാന്തിവൻ സ്ഥാപനയുടെ ആശംസകളും സ്നേഹ സ്മരണകളും നൽകുന്നു. സർവ്വ സന്തുഷ്ട മണികൾക്കും നമസ്കാരം. ശരി.

## വരദാനം – തന്റെ ആദി അനാദി സ്വരൂപത്തിന്റെ സ്മൃതിയിലൂടെ സർവ്വ ബന്ധനങ്ങളെയും സമാപ്തമാക്കുന്ന ബന്ധനമുക്തവും സ്വതന്ത്രവുമായി ഭവിക്കട്ടെ.

ആത്മാവിന്റെ ആദി അനാദി സ്വരൂപം സ്വതന്ത്രമാണ്. അധികാരിയാണ്. പിന്നീടാണ് ആത്മാവ് പരതന്ത്രമായത്. അതിനാൽ തന്റെ ആദി അനാദി സ്വരൂപത്തെ സ്മൃതിയിൽ വെച്ച് ബന്ധനമുക്തമായി മാറൂ. മനസ്സിന്റെയും ബന്ധനം പാടില്ല. അഥവാ മനസ്സിന്റെയും ബന്ധനമുണ്ടെങ്കിൽ, ആ ബന്ധനം മറ്റു ബന്ധനങ്ങളെയും കൊണ്ടു വരുന്നു. ബന്ധനമുക്തം അർത്ഥം, രാജാവ്, സ്വരാജ്യ അധികാരി. ഇങ്ങനെയുള്ള ബന്ധന മുക്തവും സ്വതന്ത്രവുമായ ആത്മാക്കൾ തന്നെയാണ്, ബഹുമാനത്തോടെ പാസ്സാകുന്നത്. അതായത് ഫസ്റ്റ് ഡിവിഷനിലേക്ക് വരുന്നത്.

## സ്ലോഗൻ – മാസ്റ്റർ ദുഖഹർത്താവായി മാറി, ദുഖത്തെപ്പോലും ആത്മീയ സുഖത്തിലേക്ക് പരിവർത്തനപ്പെടുത്തുന്നതു തന്നെയാണ് സത്യമായ സേവനം.